LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സുനിൽരാജിനെ ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തൽ

173 (3805) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ HHW-1, CBCID-SI ശ്രീ. എ. സുനിൽരാജിനെ ഡി.പി.സി. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്യുന്ന ഫയലിൽ (No.87225/A3/14/Home)- തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ ഫയലിൽ ഉടൻ തീർപ്പ് കൽപ്പിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ശ്രീ. സുനിൽരാജിന്റെ അപേക്ഷ സംസ്ഥാന പോലീസ് മേധാവിയുടെ 1-12-2014-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീ. പി. വിജേഷിന്റെ പേരിൽ കണ്ണപുരം പോലീസ് സ്റ്റേഷനിലെ കേസ്സ്

174 (3806) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ കല്ല്യാശ്ശേരി കോലത്ത് വയലിൽ ശ്രീ. പി. വിജേഷിന്റെ പേരിൽ കണ്ണപുരം പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) പരാതിക്കാർ മർദ്ദനമേൽക്കുകയോ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയോ മുറിവേൽക്കപ്പെടുകയോ ഒന്നും ചെയ്യാത്ത സാഹചര്യത്തിൽ യാതൊരുവിധ അന്വേഷണവും നടത്താതെ മദ്യപാനികളും ക്രിമിനൽ പശ്ചാത്തലവുമുള്ള പരാതിക്കാരുടെ അഭിപ്രായം മാത്രം പരിഗണിച്ച് നിരപരാധിയായ ഒരു ചെറുപ്പക്കാരനെതിരെ ഇത്തരം വകുപ്പുകൾ ചുമത്തി കേസ്സ് രജിസ്റ്റർ ചെയ്തതിന് എന്തു ന്യായീകരണമാണുള്ളത് ; വിശദമാക്കാമോ ?